**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **04-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ആവശ്യമായ കോഴിമുട്ട ഉല്പാദിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ആവശ്യമായ കോഴിമുട്ട ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനുമുള്ള ഏക മാർഗ്ഗം സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും വ്യാപകമാക്കുക യും ചെയ്യുക എന്നത് മാത്രമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് .<br><br>കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൗൾട്രി ഫാമുകളി ൽ നിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഗവണ്മെന്റ് അംഗീകൃത എഗ്ഗർ നഴ്സറികൾക്ക് നൽകുകയും , എഗ്ഗർ നഴ്സറികൾ വഴി വിവിധ പഞ്ചായത്ത് പദ്ധതികൾ പ്രകാരം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്. അതു വഴി വീട്ടുകളിലേക്ക് ആവശ്യമായ മുട്ടകൾ വീട്ടുകളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനു സാധിക്കുന്നു . |
| (ബി) | മുട്ട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വരുമാന വർദ്ധനവും സാമ്പത്തിക വളർച്ചയും ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | മൃഗസംരക്ഷണ മേഖലയിലെ ശാക്തീ കരണത്തിനും, വരുമാന വർദ്ധനവിനും വേണ്ടിയും കൂടുതൽ കർഷകരെ കോഴി വളർത്തൽ മേഖലയിലേക്ക് കൊണ്ടു വരുന്നതിനുമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും, ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ യും ആവശ്യാനുസരണം മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു. കോഴിക്കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയ വിവിധപദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ്പൗൾട്രി , കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ്കൈ കളിൽ കോഴിക്കുഞ്ഞു, ബ്ലോക്ക് പഞ്ചായ ത്ത്തല 100 കോഴിയും , കൂട്ടം പദ്ധതി തുടങ്ങിയവ കെപ്കോ വിജയകര മായി പൂർത്തിയാക്കി കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതാണ്. മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതിയും കെപ്കോ നടപ്പിലാക്കി വരുന്നു . |
| (സി) | മിതമായ നിരക്കിൽ ഗുണമേന്മയുള്ള കോഴിത്തീറ്റ സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മൃഗസംരക്ഷണ വകുപ്പിലും , കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) കോഴിത്തീറ്റ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല.<br><br>കേരള ഫീഡ്സ് ലിമിറ്റഡ്, വ്യാവസായികാടിസ്ഥാനത്തിൽ കൂട്ടിലിട്ടു വളർത്തുന്ന മുട്ട കോഴികൾക്കായി ഗുണമേന്മയുള്ള * കേരള ഫീഡ്സ് അതുല്യം' കോഴിത്തീറ്റയും, വീട്ടുവളപ്പിൽ തുറന്നിട്ട് വളർത്തുന്ന മുട്ട കോഴികൾക്കായി ഗുണമേന്മയുള്ള കേരള ഫീഡ്സ് കൈരളി കോഴിത്തീറ്റയും ഉത്പാദിപ്പിച്ചു മിതമായ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.<br><br>കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് സ്വന്തമായി പ്രവർത്തിക്കുന്ന ആധുനിക ഫീഡ് പ്ലാന്റ് നിലവിലുണ്ട്. ഫീഡ് പ്ലാന്റിന് മാസം 600 ടൺ ഗുണമേന്മയുള്ള കോഴിത്തീറ്റ ഉൽപാദിപ്പിക്കുന്ന ശേഷിയുണ്ട്. ശാസ്ത്രീയവും പോഷക പരവുമായ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുള്ള സ്റ്റാൻഡേർഡ് തീറ്റ ഘടനകളാണ് ഇവിടെ പിന്തുടരുന്നത്. അസംസ്കൃത വസ്തുക്കളും തയ്യാറായ തീറ്റയും കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് വിതരണം നടത്തുന്നത്.<br><br>ഇടനിലക്കാരെ ഒഴിവാക്കി സർവകലാശാലയുടെ ഫാമുകൾക്കും,കേരളത്തിലങ്ങോളമിങ്ങോളം മൃഗസംരക്ഷണ വകുപ്പ് (Animal Husbandry Department) നടത്തുന്ന പോൾട്രി ഫാമുകൾക്കും, കൂടാതെ കർഷകർക്കും നേരിട്ട് കോഴിത്തീറ്റ വിതരണം ചെയ്യുന്നു. ഇതുവഴി ഗുണമേന്മയിൽ യാതൊരു വിട്ടുവീഴ്ചയും വരുത്താതെ കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള കോഴിത്തീറ്റ ലഭ്യമാക്കാൻ സാധിക്കുകയും, കോഴിവളർത്തലിലെ |

| | | | |
|---|---|---|---|
| | | | ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിന് സഹായകമാകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ